ശരത്കാല കാഴ്ച്ചകൾ

(കുസൃതി, കഥകൾ, ജീവിതചക്രം, നഗരാക്കപ്പെട്ടവർ)

കുസൃതി

പ്രകൃതീനിൻ ആർഭാടനിറത്തിമിർപ്പിൽ
മുങ്ങി മതിമറന്നീടുന്നിതെൻ മനമിതാ വീണ്ടും
ഇല പെരുപ്പിച്ചും,
നിറമൊഴിപ്പിച്ചു തെറിപ്പിച്ചും,
ഭ്രമിപ്പിച്ചും,
　　　വെറുതേ കൊതിപ്പിച്ചുനീ...
　　　മുമ്പത്തേപോലെന്നെ
കരയിക്കുവാനുള്ള ഭാവമല്ലേ?

ജിൻകൊമരത്തിന്റെ മഞ്ഞിമയും,
സമോക്ക്ബുഷ്തന്നുടെ ഫൂഷനും,
മേപ്പിളിൻ തീതുപ്പും,
മഞ്ഞച്ചുവപ്പും,
റെഡ്ബഡ്ഡിൻ എളിമയും,
　　　കാട്ടിനീ...
　　　പണ്ടത്തെപ്പോലെന്നെ
കളിപ്പിക്കുവാനുള്ള ഒരുക്കമല്ലേ?

വരും ശിശിരത്തിൻ ചവർപ്പിൽ
വിങ്ങും കുളിരിൻ മൂകതയിൽ,
വിളറിയ മഞ്ഞുമലകൾതൻ വന്ധ്യതയിൽ,

വെള്ളതൻ നിതാന്തശൂന്യമാം വിരിപ്പിൽ,
വീണ്ടും നടന്നിറങ്ങുന്നതിൻ മുൻപ്

ചെപ്പടിവിദ്യകാട്ടി നീ...

എന്നത്തേംപോലെന്നെ

കബളിപ്പിക്കുവാനുള്ള കുസൃതിയല്ലേ?

കഥകൾ

ജീവനറ്റു വീഴുന്ന ഒരോ ഇലക്കുള്ളിലും
ഓജസ്സറ്റു പോകാത്തൊരായിരം കഥകളുണ്ടാം..
കിളുർത്തു തളിർത്തു യൌവ്വനയുക്തയായപ്പോൾ
കുസൃതിക്കാറ്റ് തട്ടിയും മുട്ടിയും
രഹസ്യങ്ങൾ കൈമാറാൻ വന്നകഥകൾ..
പൂക്കുഞ്ഞുങ്ങളെ താരാട്ടി വളർത്തിയതും
മധുവുണ്ണാൻ വണ്ടുകൾക്കു കാവൽനിന്നതും
ഇതൾപൊഴിഞ്ഞ പൂവിതളുകളെ
മടിയിൽ ചേർത്ത് സാന്ത്വനിപ്പിച്ചതും,
ഒടുവിൽ അടർന്നു വീഴുമ്പൊൾ,
‘ഇന്നു ഞാൻ നാളെ നീ’ എന്നു മന്ത്രിച്ചതുമെല്ലാം..

ജീവിതചക്രം

ഇലമഞ്ഞക്കാട്ടിൽ മലപോലെ ഇലകൾ
ഇലപൊഴിയുമ്പോൾ മലപെരുകുന്നു
ഇലമലയിൽ കുത്തിമറിയും കുസൃതിക്കിടാങ്ങൾ
കലികയറിയ കാറ്റോ, മലയെ നിലമാക്കാൻ
ഇല മലയാക്കാന് കുസ്രിതിക്കിടാങ്ങളും

ഇലപൊഴിയുമ്പോൾ മലപെരുകുന്നു
മലപെരുകുമ്പോൾ മരംതേങ്ങുന്നു
ഇല വിങ്ങുന്നു, നിറം കരയുന്നു
ഇല, മര, നിറ ക്കണ്ണീർ,
ഇടനെഞ്ചിൽ ചേർത്തൊരുങ്ങുന്നു, നീ, വീണ്ടും
ഇവിടൊരു പുതുസ്രിഷ്ടിക്കായി

ഇലകൾ! നമ്മളാം വറും ഇലകൾ!

നഗ്നരാക്കപ്പെട്ടവർ

അമ്മമരങ്ങൾ തൻ നഗ്നമാം മാറിടം
ഒന്നൊളിപ്പിക്കുവാനാവാതവശരായ്
ഒട്ടിയ കൈയ്യുകൾ ആട്ടിക്കൊണ്ടങ്ങനെ,
പെട്ടു നിരാശരായ് ഒട്ടങ്ങു നിൽക്കുന്നു
ഞെട്ടറ്റു വീഴുന്ന ഓരോ തുടിപ്പിലും,
നഷ്ട വസന്തത്തെ ഓർത്തങ്ങു തേങ്ങുന്നു
ഇറ്റുപോകുന്നൊരാ മഞ്ഞയിലൂടങ്ങു
നഷ്ടമാകുന്നൊരാ പ്രാണത്തുടിപ്പിനേ
കുട്ടിക്കിടാങ്ങളങ്ങേറ്റുവാങ്ങുന്നതൊട്ടു
വിവശതയോടെ കണ്ടങ്ങു നിൽക്കുന്നു